പതിനാലാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5790 25.5.2017 ലെ മറുപടിക്ക്

ചകിരിച്ചോറ് പുനരുപയോഗിക്കാനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) തീരദേശങ്ങളിലും ചവറ തെക്കുംഭാഗം, തേവലക്കര എന്നീ പ്രദേശങ്ങളിലും ചകിരി-കയർ വ്യവസായവുമായി ബന്ധപ്പെട്ട് ചകിരിച്ചോറ് കുന്നുകൂടി ഉണ്ടാകുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വെളിപ്പെടുത്തുമോ; | എ) കയർ വികസന വകുപ്പിന് കീഴിൽ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ പദ്ധതികളില്ല. |
| ബി) ഹരിതകേരളം പദ്ധതി പ്രകാരം ഈ ചകിരിച്ചോറ് പുനരുപയോഗിക്കാനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുമോ; | ബി) ഈ മേഖലയിലെ ചികിരിചോറിൽ ഉപ്പിന്റെ അംശം കൂടുതൽ ഉള്ളതിനാൽ നിലവിൽ ഇവ കാർഷികാവശ്യത്തിനായി ഉപയോഗിക്കാൻ സാദ്ധ്യമല്ല. എന്നാൽ ഈ ചകിരിചോറ് കമ്പോസ്റ്റിംഗ് നടത്തി കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ചകിരിചോറ് കമ്പോസ്റ്റിംഗ് ചെയ്യുന്നതിനു വേണ്ടിയുള്ള ഗവേഷണ പദ്ധതികൾ എൻ.സി.ആർ.എം.ഐ നടത്തിവരികയാണ്. |
| സി) കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിനായി ഇവ പ്രയോജനപ്പെടുത്തുന്ന തരത്തിൽ ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; | സി) ചകിരിച്ചോറുപയോഗിച്ചുള്ള ചെരിപ്പ് നിർമ്മിക്കുന്നതിനു വേണ്ട സാങ്കേതിക വിദ്യ എൻ.സി.ആർ.എം.ഐയിൽ വികസിപ്പിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യ ഫോം മാറ്റിംഗ്സ് ഇൻഡ്യ ലിമിറ്റഡ്-ന് കൈമാറുകയും അവർ വ്യവസായികാടിസ്ഥാനത്തിൽ ചപ്പൽ നിർമ്മാണം നടത്തിവരികയുമാണ്. |
| ഡി) ഇല്ലാത്തപക്ഷം വിശദമായ പഠനത്തിനുശേഷം പുതിയ പദ്ധതികൾ ആരംഭിക്കുമോ; | ഡി) ബാധകമല്ല |
| ഇ) റോഡ് നിർമ്മാണത്തിന്റെ | ഇ) റോഡ് നിർമ്മാണത്തിന്റെ അസംസ്കൃത വസ്തുവായി |

| | |
|---|---|
| അസംസ്കൃത വസ്തുവായി ചകിരിച്ചോറ് ഉപയോഗിക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിലുണ്ടോ; വ്യക്തമാക്കുമോ? | ചകിരിച്ചോറ് ഉപയോഗിച്ചു കൊണ്ടുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ